പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2957 | 18/06/2018 ൽ മറുപടിക്ക്

## സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനം

**ചോദ്യം**

ശ്രീ.പി.കെ.ശശി

**ഉത്തരം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) 1961 ലെ സർവ്വേ ബൗണ്ടറീസ് (എ) ആക്ടിന്റെയും, 1964-ൽ പുറപ്പെടുവിച്ച റീസർവ്വേ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന റീ-സർവ്വേ എന്നാണ് ആരംഭിച്ചത്; എത്ര വർഷം കൊണ്ട് തീർക്കാനാണ് ലക്ഷ്യമിട്ടത്; നാളിതുവരെ എന്തൊക്കെ പ്രവർത്തനം റീ-സർവ്വേയുമായി ബന്ധപ്പെട്ട നടന്നു; വ്യക്തമാക്കുമോ;

1961 ലെ സർവ്വേ ബൗണ്ടറീസ് ആക്ടിന്റെയും, 1964-ൽ പുറപ്പെടുവിച്ച റീസർവ്വെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 1966 ൽ റീസർവ്വേ ആരംഭിച്ചിട്ടുള്ളതും നിലവിൽ തുടർന്ന് വരുന്നതുമാണ്. 06/11/1965 തീയതിയിലെ GO(MS)781/65/RD പ്രകാരം റിക്കാർഡുകൾ വളരെ മോശം അവസ്ഥയിലുണ്ടായിരുന്ന 11300 സ്ക്വയർ മൈൽ ഭൂമി (29266 സ്ക്വയർ കി.മീ) നാലാം പദ്ധതി കാലയളവിൽ തന്നെ പൂർത്തിയാക്കുന്നതിനാണ് ഉത്തരവായിരുന്നത്.

സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ നാളിതുവരെ 903 വില്ലേജുകളുടെ റീസർവ്വെ (17893 സ്ക്വയർ കി.മീ) പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീസർവ്വേ പ്രവർത്തനങ്ങൾ കൂടാതെ ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസുമായി ബന്ധപ്പെട്ടുള്ള സർവ്വെ, പട്ടയവിതരണത്തിനാവശ്യമായ സർവ്വെ, പുറമ്പോക്ക് റീഫിക്സിംഗുമായി ബന്ധപ്പെട്ടുള്ള സർവ്വെ, സർക്കാരിന്റെ വിവിധ പ്രോജക്ടുകൾക്കാവശ്യമായ സർവ്വെ തുടങ്ങിയ സർവ്വെ പ്രവർത്തനങ്ങൾക്ക് റീസർവ്വെയിൽ നിന്നാണ് ജീവനക്കാരെ നിയോഗിക്കുന്നത്. പല സാഹചര്യങ്ങളിലും ഭൂപരിപാലനവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്ത് പ്രവർത്തനങ്ങൾക്ക് വേണ്ടി റീസർവ്വെ നിർത്തി വച്ച് ജീവനക്കാരെ നിയോഗിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ കുറവും റീസർവ്വെ നടപടികൾ സമയബന്ധിതമായി

പൂർത്തിയാക്കാൻ സാധിക്കാത്തതിന് കാരണമായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനായി 10/05/2018 ലെ സഉ(കൈ) നം.181/18/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവെ നിയമം ഭേദഗതി, പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസിയെ ചുമതലപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്ത് ആകെയുള്ള വില്ലേജുകൾ എത്ര; ഇതിൽ കുറ്റമറ്റ രീതിയിൽ നാളിതുവരെ എത്ര വില്ലേജുകളുടെ റീ-സർവ്വേ പൂർത്തീകരിച്ചു; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ നാളിതുവരെ 903 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(സി) സർവ്വേ/റവന്യൂ വകുപ്പ് നാളിതുവരെയായി ഓരോവർഷവും റീ-സർവ്വേ നടത്താനായി ക്വാട്ട നിശ്ചയിച്ചുവോ; എങ്കിൽ അതുപ്രകാരം നടപടികൾ നടന്നുവോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഓരോ വർഷവും റീസർവ്വേ നടത്താനായി വില്ലേജുകൾ തിരഞ്ഞെടുത്തിരുന്നെങ്കിലും ലാൻഡ് റിക്കാർഡ്സ് മെയിന്റൻസുമായി ബന്ധപ്പെട്ടുള്ള സർവ്വെ, പട്ടയവിതരണത്തിവാശ്യമായ സർവ്വെ, പുറമ്പോക്ക് റീഫിക്സിംഗുമായി ബന്ധപ്പെട്ടുള്ള സർവ്വെ, സർക്കാരിന്റെ വിവിധ പ്രോജക്ടുകൾക്കാവശ്യമായ സർവ്വെ തുടങ്ങിയ സർവ്വെ പ്രവർത്തനങ്ങൾക്ക് റീസർവ്വെയിൽ നിന്നും ജീവനക്കാരെ നിയോഗിക്കേണ്ടി വന്നതിനാലും ജീവനക്കാരുടെ കുറവുമൂലവും റീസർവ്വെ പ്രവർത്തനങ്ങളിൽ നിശ്ചയിച്ചത് പ്രകാരമുള്ള പുരോഗതി ആർജ്ജിക്കുവാൻ സാധിച്ചിട്ടില്ല.

(ഡി) ഇതിനായി വകുപ്പ് ഉപഗ്രഹ സർവ്വേ നടപടികൾ സ്വീകരിച്ചുവോ; എങ്കിൽ ഇത് മുഖാന്തിരം എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) നിലവിൽ ആധുനിക സർവ്വെ ഉപകരണങ്ങളായ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ETS) ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) എന്നിവ ഉപയോഗിച്ച് എല്ലാ വകുപ്പുകൾക്കും ഡിജിറ്റൽ ഡാറ്റ ഉപയോഗപ്രദമാം വിധം WGS 84 എന്ന കോർഡിനേറ്റ് സിസ്റ്റത്തിൽ സർവ്വേ ഓഫ് ഇന്ത്യ

നൽകിയിട്ടുള്ള കൺട്രോൾ പോയിന്റുകളെ ആസ്പദമാക്കിയുള്ള ഡിജിറ്റൽ സർവ്വെ പ്രവർത്തനങ്ങളാണ് നിർവ്വഹിച്ച് വരുന്നത്. ഇപ്രകാരം കാസറഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ ഉൾപ്പെട്ട 10 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ പൂർത്തിയായിട്ടുള്ളതും എല്ലാ ജില്ലകളിലുമായി 32 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ പുരോഗതിയിലുമാണ്.

(ഇ) കേരള സംസ്ഥാനത്തെക്കാൾ ഇരട്ടി വലിപ്പമുള്ള അയൽ സംസ്ഥാനങ്ങളിൽ റീസർവ്വേ നടപടികൾ വളരെ വേഗം പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ആയത് സംബന്ധിച്ച് പഠനം നടത്തി ഇവിടെയും റീസർവ്വേ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

(ഇ) റീസർവ്വെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പുരോഗതി ആർജ്ജിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ട ഗുജറാത്ത് സംസ്ഥാനം ലാൻഡ് റവന്യൂ കമ്മീഷണർ, സർവ്വെ ഡയറക്ടർ, സർവ്വെ അഡീഷണൽ ഡയറക്ടർ, റവന്യൂ ഐ.റ്റി.സെൽ നോഡൽ ഓഫീസർ, കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ പ്രോജക്ട് മാനേജർ എന്നിവടങ്ങിയ സംഘം സന്ദർശിക്കുകയും അവിടെ നടപ്പിലാക്കിയിട്ടുള്ള ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം (DILRMP) സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശുപാർശ പരിഗണിച്ച് കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനായി 10/05/2018 ലെ സഉ(കൈ)നം.181/18/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവെ നിയമം ഭേദഗതി, പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസിയെ ചുമതലപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ